LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈപ്പിൻ ബ്ലോക്ക് പഞ്ചായത്താണ് ക്വാർട്ടേഴ്സ് നിർമ്മാണം നടത്തിയത്. ആയതിനാൽ, ആരോഗ്യവകുപ്പിൽ ഫണ്ടിന്റെ വിവരങ്ങൾ ലഭ്യമല്ല. 2005-ൽ ആണ് ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയായത്.

(ബി) അല്ല. വാട്ടർ വൈദ്യുതി കണക്ഷനുകൾ ഇല്ല. 2005-ൽ പൂർത്തീകരിച്ചതുകൊണ്ട് ഏതാണ്ട് 9 വർഷം പൂട്ടിയിട്ടതിന്റെ അറ്റകുറ്റപ്പണികൾ കാണുന്നുണ്ട്.

(സി) പണി ഭാഗികമായി (വാട്ടർ, വൈദ്യുതി കണക്ഷൻ ഇല്ലാത്തതുകൊണ്ട്) തീർന്നിട്ടുള്ള കെട്ടിടം ആരോഗ്യവകുപ്പിന് കൈമാറിയതായി രേഖകൾ ഒന്നും ഇല്ല. വാട്ടർ കണക്ഷൻ എടുക്കുന്നതിന് ബ്ലോക്കുവഴി ലഭിച്ച സർട്ടിഫിക്കറ്റിൽ നിലവിൽ പ്രസ്തുത ക്വാർട്ടേഴ്സ് കെട്ടിടം കുഴുപ്പിള്ളി വില്ലേജിൽപ്പെട്ട പുറമ്പോക്ക് റീ-സർവ്വേ 127/8-ലാണ് സ്ഥിതി ചെയ്യുന്നത് എന്നാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ സ്ഥലം ആരോഗ്യവകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ കുഴുപ്പിള്ളി വില്ലേജാഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ആശുപത്രികളിൽ വികസന സമിതിയുടെ തീരുമാനമനുസരിച്ച് വാട്ടർ, വൈദ്യുതി കണക്ഷനുകൾ എടുക്കുന്നതിനുള്ള ചെലവ് ആശുപത്രി വികസന സമിതി ഫണ്ടിൽ നിന്നും കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വികസന സമിതിയുടെ ചെയർമാൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റാണ്.

താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

47 (8107) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ജനസാന്ദ്രത കൂടിയ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ ഏക ആതുരാലയമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒരു സി.എച്ച്.സി.-ക്ക് നിലവിലുള്ള ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ ;

(സി) താനൂർ സി.എച്ച്.സി.-യിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ;

(ഡി) പാവപ്പെട്ട ജനവിഭാഗങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ഗൈനക്കോളജി, പീഡിയാട്രിക് എന്നിവയ്ക്ക് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സി. എച്ച്.സി.-ക്കനുസൃതമായ ഡോക്ടർമാരുടെയും ജീവനക്കാരുടെയും സ്റ്റാഫ് പാറ്റേൺ താനൂർ സി.എച്ച്.സി.-ക്ക് അനുവദിച്ച് നൽകുവാൻ നടപടിയുണ്ടാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ.ഉ. (എംഎസ്.) നമ്പർ 568/08/ആകുവ തീയതി 6-11-2008 അനുസരിച്ച് ഒരു സാമൂഹികാരോഗ്യ കേന്ദ്രത്തിന് അനുവദിച്ച സ്റ്റാഫ് പാറ്റേൺ താഴെ ചേർക്കുന്നു. സാമൂഹികാരോഗ്യ കേന്ദ്രത്തിന് അനുവദനീയമായ ബെഡ് സ്ട്രെങ്ത് 30 മുതൽ 100 വരെയാണ്. പ്രസ്തുത ബെഡ് സ്ട്രെങ്ത് അനുസരിച്ചാണ് താഴെപ്പറയുന്ന തസ്തികകൾ അനുവദിക്കുന്നത്.

1	ഡോക്ടർമാർ	5 സ്പെഷ്യലിസ്റ്റ്
2	അദർ നോൺ സ്പെഷ്യലിസ്റ്റ്	2
3	ഹെൽത്ത് സൂപ്പർവൈസർ	1
4	ലേഡി ഹെൽത്ത് സൂപ്പർവൈസർ	1
5	സ്റ്റാഫ് നഴ്സ്	12
6	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	2
7	ഫാർമസിസ്റ്റ്	2
8	ലാബ് ടെക്നീഷ്യൻ	2
9	റേഡിയോഗ്രാഫർ	1
10	ഒപ്താൽമിക് അസിസ്റ്റന്റ്	1
11	സെക്യൂരിറ്റി	1

LIBRARY ARCHIVES Kerala Legislative Assembly

(സി) താനൂർ 'സി.എച്ച്.സി.'-യിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ താഴെ ചേർക്കുന്നു :

1	അസിസ്റ്റന്റ് സർജൻ	5
2	ഫാർമസിസ്റ്റ്	1
3	എൽ.ഡി.ക്ലാർക്ക്	1
4	ഹെഡ് നഴ്സ്	2
5	സ്റ്റാഫ് നഴ്സ്	6
6	നഴ്സിംഗ് അസിസ്റ്റന്റ്	3
7	എച്ച്.എ.ഗ്രേഡ്-2	3
8	എച്ച്.എ.ഗ്രേഡ്-1	1
9	ലാബ് ടെക്നീഷ്യൻ	1
10	ഹെൽത്ത് ഇൻസ്പെക്ടർ	1
11	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1
12	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1	2
13	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2	2
14	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	11
15	ഒപ്താൽമിക് അസിസ്റ്റന്റ്	1
16	ഡ്രൈവർ .	1
17	പാർട്ട് ടൈം സ്വീപ്പർ	1

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഓരോ ബ്ലോക്ക് പഞ്ചായത്തിലെയും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രി കളിൽ സ്പെഷ്യാലിറ്റി യൂണിറ്റുകളോടുകൂടി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തു ന്നതിന് സർക്കാർ ഉത്തരവ് നമ്പർ 1669/2014/ആകവ തീയതി 26-4-2014 പ്രകാരം തെരഞ്ഞെടുത്ത 154 സ്ഥാപനങ്ങളിൽ താനൂർ സി.എച്ച്.സി.യും ഉൾപ്പെടുന്നുണ്ട്.

കയ്യൂർ പി.എച്ച്.സി.യിൽ രോഗികൾക്ക് കിടത്തി ചികിത്സ

48 (8108) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എൻഡോസൾഫാൻ ബാധിത പ്രദേശമായ കയ്യൂർ-ചീമേനി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കയ്യൂർ പി.എച്ച്.സി.-യിൽ രോഗികൾക്ക് കിടത്തി ചികിത്സ നൽകുന്നതിന് വല്ല നിർദ്ദേശങ്ങളും നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവിടെ എപ്പോൾ ഐ. പി. സംവിധാനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) നിലവിലില്ല.

തിരുവള്ളൂർ സി.എച്ച്.സി.

49 (8109) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കോഴിക്കോട് തിരുവള്ളൂർ സി.എച്ച്.സി.-യിൽ ഡോക്ടർമാരുടെ ഉൾപ്പെടെ ഏതൊക്കെ തസ്തികകളാണ് ഉള്ളതെന്നും ഓരോ തസ്തികയിലെയും ഒഴിവുകൾ എത്രയുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സി.എച്ച്.സിയിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റേതെങ്കിലും ആശുപത്രികളിൽ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാ ക്കുമോ ;

(സി) പ്രസ്തുത സി.എച്ച്.സി.-യിലെ ഏതെങ്കിലും തസ്തിക ഒഴിവാക്കി യിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly